"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - അച്ചടി വകുപ്പിന്റെ കീഴിലുള്ള മണ്ണന്തല ഗവ. പ്രസ്സിലേയ്ക്ക് Computer to Plate (CTP) മെഷീൻ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.125/2023/SPD തീയതി,തിരുവനന്തപുരം, 28-10-2023

---

പരാമർശം:-

1. 02/12/2022 ലെ സ.ഉ.(സാധാ) നം.84/2022/എസ്.പി.ഡി നമ്പർ സർക്കാർ ഉത്തരവ്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 12/07/2023 ലെ PTGD/102/2023-G3 നമ്പർ കത്ത്.

**ഉത്തരവ്**

അച്ചടി വകുപ്പിന്റെ കീഴിലുള്ള മണ്ണന്തല ഗവ. പ്രസ്സിലേയ്ക്ക് Computer to Plate (CTP) മെഷീൻ ഒരെണ്ണം വാങ്ങുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ GeM പോർട്ടലിൽ ടെൻഡർ നടപടികൾ സ്വീകരിക്കുകയും ആദ്യ ടെൻഡറിൽ രണ്ട് പാർട്ടികൾ മാത്രം പങ്കെടുത്തിരുന്നുവെന്നും മിനിമം 3 ബിഡ്ഡേഴ്സ് വേണമെന്നുള്ളതിനാൽ റീ ടെൻഡർ നടപടികൾ സ്വീകരിക്കുകയും ആയതിൽ 3 കമ്പനികൾ പങ്കെടുക്കുകയും പ്രസ്തുത സ്ഥാപനങ്ങളുടെ ടെക്നിക്കൽ ബിഡ് ഇവാല്യുവേഷൻ 26/05/2023 ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തുകയും M/s Monotech Systems Ltd,Chennai എന്ന സ്ഥാപനത്തിന്റെ ടെണ്ടർ, ടെക്നിക്കൽ സ്പെസിഫിക്കേഷൻ, ജനറൽ കണ്ടീഷൻ തൃപ്തികരമാംവിധം പാലിക്കുന്നുണ്ട് എന്ന് വിലയിരുത്തുകയും technically qualified ആയ M/s Monotech Systems Ltd എന്ന സ്ഥാപനത്തിന്റെ ഫിനാൻഷ്യൽ ബിഡ് ഓപ്പൺചെയ്യാൻ ടെക്നിക്കൽ കമ്മിറ്റി ഏകകണ്ഠേന ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി കമ്പനി രേഖപ്പെടുത്തിയ 78,47,620/- രൂപ എൽ 1 ആയി നിശ്ചയിച്ച് പ്രസ്തുത കമ്പനിയിൽ നിന്നും CTP മെഷീൻ വാങ്ങുന്നതിന് അനുമതിയും "4058-00-103-95 -പ്ലാൻ " എന്ന ശീർഷകത്തിൽ ഫണ്ടും അനുവദിക്കണമെന്നും അച്ചടി വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പിന്റെ കീഴിലുള്ള മണ്ണന്തല ഗവ. പ്രസ്സിലേയ്ക്ക് 2023-24 സാമ്പത്തിക വർഷത്തിൽ Computer to Plate (CTP) മെഷീൻ (1 No's) വാങ്ങുന്നതിനു പ്ലാൻ ഇനത്തിൽ തുക വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ അച്ചടി വകുപ്പിന്റെ "4058-00-103-95-P- Modernisation of Govt presses" "എന്ന ശീർഷകത്തിൽ നിന്നും 78,47,620/-രൂപ ( എഴുപത്തിയെട്ട് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി അറുന്നൂറ്റി ഇരുപതു രൂപാമാത്രം) ചെലവഴിച്ച് Computer to Plate (CTP) മെഷീൻ വാങ്ങുന്നതിനും, വാങ്ങുന്ന ഉപകരണങ്ങൾ ടെൻഡർ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ളതാണെന്നും ആയതിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് ഉറപ്പുവരുത്തുന്നതിനു മതിയായ പെർഫോമൻസ്

സെക്യൂരിറ്റി വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണെന്ന വ്യവസ്ഥയിന്മേൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-
അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Bindu V K
Date: 26-10-2023 16:05:00